# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2585** 27.01.2014-ൽ മറുപടി നൽകേണ്ടിയിരുന്നത്

## 2011, 2012, 2013 വർഷങ്ങളിൽ ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ മുഖാന്തിരം ലഭിച്ച ഫണ്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |

(എ) സംസ്ഥാനത്ത് 2011, 2012, 2013 വർഷങ്ങളിൽ ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ മുഖാന്തിരം ലഭിച്ച ഫണ്ട് എത്രയെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത ഫണ്ട് പ്രധാനമായും വിനിയോഗിച്ചത് ഏതെല്ലാം കാര്യങ്ങൾക്കാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വർഷങ്ങളിൽ ലഭിച്ച എൻ.ആർ. എച്ച്.എം. ഫണ്ടിൽ നിന്നും ഭരണപരമായ കാര്യങ്ങൾക്കു മാത്രം മൊത്തം തുകയുടെ എത്ര ശതമാനം ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(എ) (ബി) സംസ്ഥാന സൊസൈറ്റിക്ക് 2011, 2012, 2013 വർഷങ്ങളിൽ ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ മുഖാന്തിരം ലഭിച്ച ഫണ്ടും വിനിയോഗിച്ച പദ്ധതികളും താഴെ പറയുന്നു.

| പദ്ധതികൾ | രൂപ ലക്ഷത്തിൽ | | | |
|---|---|---|---|---|
| | 2010 - 11 | 2011 - 12 | 2012 - 13 | 2013 - 14 |
| പ്രജനന ശൈശവ ആരോഗ്യ പദ്ധതി | 7862.00 | 8639.00 | 10204.00 | 11057.00 |
| എൻ.ആർ. എച്ച്.എം അഡീഷണാലിറ്റീസ് | 9911.00 | 14434.00 | 8738.00 | 11223.00 |
| ഇമ്മ്യൂണൈസേഷൻ | 674.57 | 536.64 | 745.19 | 694.33 |
| സംയോജിത രോഗ അവലോകന പദ്ധതി | 144.34 | - | 23.84 | 90 |
| ദേശീയ ജന്തുജന്യ രോഗ നിയന്ത്രണ പദ്ധതി | 121.94 | 196.18 | 848.92 | 489 |
| ദേശീയ ക്ഷയ രോഗ നിയന്ത്രണ പദ്ധതി | 542.26 | 854.71 | 536.77 | 814 |
| ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതി | 56.59 | 30.08 | 71.34 | 34.67 |
| ദേശീയ അന്ധതാ നിവാരണ പദ്ധതി | 267.00 | 276.81 | 374.04 | 0 |
| | **19579.7** | **24967.42** | **21542.1** | **24402** |

| വർഷം | ലഭിച്ച തുകയുടെ ഭരണ പരമായ കാര്യങ്ങൾക്കായി (Programme Management) ചെലവഴിച്ച തുകയുടെ ശതമാനം. |
|---|---|
| 2010 - 11 | 7 ശതമാനം |
| 2011 - 12 | 5.9 ശതമാനം |
| 2012 - 13 | 8 ശതമാനം |
| 2013 - 14 (15.01.2014 വരെ) | 4.24 ശതമാനം |

(സി) എൻ.ആർ.എച്ച്.എം മുഖേന നൽകുന്ന സേവനങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ ;

(സി) എൻ.ആർ.എച്ച്.എം. മുഖേന കേരളത്തിൽ നടപ്പാക്കിവരുന്ന പദ്ധതികൾ അനുബന്ധം 1 ആയി ചേർക്കുന്നു.

(ഡി) എൻ.ആർ.എച്ച്.എം. പ്രാവർത്തികമായതിന്റെ ഫലമായി 2010, 2011, 2012, 2013 വർഷങ്ങളിൽ ആരോഗ്യരംഗത്ത് നേടിയ പ്രധാന നേട്ടമെന്തെന്ന് വിശദീകരിക്കാമോ ?

(ഡി) എൻ.ആർ.എച്ച്.എം. പ്രാവർത്തികമായതിന്റെ ഫലമായി കൈവരിച്ച നേട്ടങ്ങൾ അനുബന്ധം - 2 ആയി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

# അനുബന്ധം - I

1. ആശുപത്രികളിൽ ക്വാളിറ്റി അഷ്വറൻസ് പദ്ധതി
2. കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽ പദ്ധതി
3. എൻ..എ.ബി.എച്ച് അക്രഡിറ്റേഷൻ പദ്ധതി.
4. മാതൃ ആരോഗ്യപദ്ധതി
5. ജനനി സുരക്ഷാ യോജന
6. അമ്മയും കുഞ്ഞും പദ്ധതി
7. മാതൃമരണ ആഡിറ്റ് നടപ്പാക്കുക
8. ജനനി ശിശു സുരക്ഷാ കാര്യക്രമം
9. നവജാത ശിശുക്കളുടെ സ്ക്രീനിംഗ് പ്രോഗ്രാം
10. ശിശു ആരോഗ്യപദ്ധതി
11. വിദ്യാലയ ആരോഗ്യ പദ്ധതി
12. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രമം
13. ഇമ്യൂണൈസേഷൻ
14. കുടുംബക്ഷേമ പദ്ധതി
15. കൗമാരആരോഗ്യ പദ്ധതി .
16. നഗരമേഖലയിലെ പ്രജനന ശൈശവ ആരോഗ്യ പദ്ധതി
17. ആദിവാസിമേഖലയിലെ ആരോഗ്യ പദ്ധതി
18. പി.എൻ.ഡി.ടി ആക്ട് നടപ്പാക്കുക
19. ആരോഗ്യ പരിശീലനം
20. ആരോഗ്യ മേഖലയിലെ മാനവശേഷി വികസനം
21. അംഗീകൃത സാമൂഹിക ആരോഗ്യ പ്രവർത്തക(ആശ) പദ്ധതി
22. ആശുപത്രികൾ, സാമൂഹിക ആരോഗ്യ കേന്ദ്രം, പ്രാഥമിക ആരോഗ്യ കേന്ദ്രം, ഉപകേന്ദ്രം എന്നിവയ്ക്ക് ഉപാധിരഹിതഫണ്ട്
23. ആശുപത്രികൾ, സാമൂഹിക ആരോഗ്യ കേന്ദ്രം, പ്രാഥമിക ആരോഗ്യ കേന്ദ്രം എന്നിവയ്ക്ക് ആശുപത്രി നിർവ്വഹണ സമിതി ഗ്രാന്റ്
24. ആശുപത്രികൾ, സാമൂഹിക ആരോഗ്യ കേന്ദ്രം, പ്രാഥമിക ആരോഗ്യ കേന്ദ്രം, ഉപകേന്ദ്രം എന്നിവയ്ക്ക് അറ്റകുറ്റപണികൾക്കുള്ള ഗ്രാന്റ്
25. ആശുപത്രികളുടെ നവീകരണവും കെട്ടിടനിർമ്മാണവും
26. ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കൽ
27. ആയുഷ് പദ്ധതി
28. ആരോഗ്യ ബോധശീലവത്ക്കരണ പ്രവർത്തനങ്ങൾ
29. പദ്ധതികളുടെ മേൽനോട്ടവും അവലോകനവും
30. ആരോഗ്യ വിവര ശേഖരണ പദ്ധതി(എച്ച്.എം.ഐ.എസ്)
31. റേഡിയോ ഹെൽത്ത്
32. സഞ്ചരിക്കുന്ന ആശുപത്രിയും ബോട്ട് ക്ലിനിക്ക്
33. 108 ആമ്പുലൻസ് പദ്ധതി
34. സാന്ത്വന പരിചരണംപദ്ധതി
35. മാനസിക ആരോഗ്യ പദ്ധതി.
36. ജീവിതശൈലീരോഗനിയന്ത്രണ പദ്ധതി
37. അയഡിൻ കുറവുമൂലമുണ്ടാകുന്ന രോഗ നിയന്ത്രണ പദ്ധതി
38. സംയോജിത രോഗ അവലോകന പദ്ധതി
39. ദേശീയ ജന്തുജന്യ രോഗ നിയന്ത്രണ പദ്ധതി
40. ദേശീയ ക്ഷയരോഗ നിയന്ത്രണ പദ്ധതി
41. ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതി

[signature]
സെക്ഷൻ ഓഫീസർ

## അനുബന്ധം- 2

1. എറണാകുളം ഗവൺമെന്റ് ജനറൽ ആശുപത്രി, തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, ചേർത്തല താലൂക്ക് ആശുപത്രി, കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി എന്നിവയ്ക്ക് കേന്ദ്ര ഗവൺമെന്റിനു കീഴിലുള്ള ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ എൻ എ ബീ എച്ച് അക്രഡിറ്റേഷൻ ലഭിക്കുകയുണ്ടായി.
2. ബ്ലഡ് ബാങ്ക്, ആലുവയ്ക്ക് നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസ് ആന്റ് ഹെൽത്ത് കെയർ പ്രൊവൈഡേഴ്സ് (എൻ.എ.ബി.എച്ച്)- ന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.
3. മെഡിക്കൽ ലബോറട്ടറി താലൂക്ക് ആശുപത്രി ചാവക്കാട്, ക്ലിനിക്കൽ ലബോറട്ടറി ജനറൽ ആശുപത്രി എറണാകുളം, മെഡിക്കൽ ലബോറട്ടറി റീജിയണൽ ഡയഗ്നോസ്റ്റിക് സെന്റർ എറണാകുളം, മെഡിക്കൽ ലബോറട്ടറി ഐക്കൊൺസ് ഷൊർണൂർ, മെഡിക്കൽ ലബോറട്ടറി ജില്ലാ ആശുപത്രി പാലക്കാട്, പബ്ലിക് ഹെൽത്ത് ലാബ് കൊല്ലം എന്നിവയ്ക്ക് ക്വാളിറ്റി കൗൺസിലിന്റെ എസ്സൻഷ്യൽ സ്റ്റാന്റേർഡ്സ് ഫോർ മെഡിക്കൽ ലബോറട്ടറീസ് -ന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.
4. കേരളത്തിലെ 14 ആശുപത്രികൾക്ക് ഇതിനോടകം കേരള അക്രഡിറ്റേഷൻ സ്റ്റാന്റേർഡ്സ് ഫോർ ഹോസ്പിറ്റൽ അംഗികാരം ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല താലൂക്ക് ആശുപത്രി, സി.എച്ച്.സി. മണമ്പൂർ, സി.എച്ച്.സി. വെള്ളറട, പി.എച്ച്.സി.ചെമ്മരുതി, പി.എച്ച്.സി. മംഗലപുരം, പി.എച്ച്.സി. വട്ടിയൂർക്കാവ്, പി.എച്ച്.സി. ചെങ്കൽ, പി.എച്ച്.സി. കീഴാറ്റിങ്ങൽ, ഇടുക്കി ജില്ലയിലെ പി.എച്ച്.സി. അറക്കുളം എറണാകുളത്തെ സി.എച്ച്.സി. പണ്ടപ്പള്ളി, കോഴിക്കോട് ജില്ലയിലെ പി.എച്ച്.സി. തിരുവമ്പാടി, കൊല്ലം ജില്ലയിലെ പുനലൂർ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, പി.എച്ച്.സി. കരവാളൂർ, കോട്ടയം ജില്ലയിലെ സി.എച്ച്.സി. ഇടയരിക്കപ്പുഴഎന്നീ ആശുപത്രികൾക്കാണ് ഈ അംഗീകാരം ലഭിച്ചത്.
5. മാതൃ മരണനിരക്ക് കുറഞ്ഞു
6. ഗർഭിണികൾക്ക് സൗജന്യ ചികിത്സാ സംവിധാനം നടപ്പാക്കി.
7. ആശുപത്രികളിൽ ഉയർന്ന ഗുണനിലവാരത്തിലുള്ള ചികിത്സാ സംവിധാനം നടപ്പിലാക്കി.
8. ജനനി സുരക്ഷാ യോജന പദ്ധതി പ്രകാരം ഗവൺമെന്റ് ആശുപത്രിയിൽ പ്രസവിക്കുന്ന ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള അമ്മമാർക്കും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ ഉള്ളവർക്കും ചെറിയ തോതിൽ സാമ്പത്തിക സഹായം നൽകുന്നു.
9. അമ്മയും കുഞ്ഞും പദ്ധതി നടപ്പാക്കി.
10. മാതൃമരണ ആഡിറ്റ് നടപ്പാക്കുകവഴി മാതൃ മരണത്തിന്റെ കാരണങ്ങൾ കണ്ടെത്തുകയും തുടർനടപടികൾ കൈകൊള്ളുകയും ചെയ്തു.
11. നവജാത ശിശുക്കളുടെ സ്ക്രീനിംഗ് പ്രോഗ്രാം വഴി ചില രോഗങ്ങൾ നേരത്തെ കണ്ടുപിടിക്കുകയും ചികിത്സ നൽകുകയും ചെയ്തു.
12. ശിശു ആരോഗ്യപദ്ധതി നടപ്പാക്കി.
13. വിദ്യാലയ ആരോഗ്യ പദ്ധതി നടപ്പാക്കി.
14. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രമം നടപ്പാക്കി.
15. ഇമ്മ്യൂണൈസേഷൻ, പെന്റാവാലന്റ് വാക്സിനേഷൻ നടപ്പാക്കി.
16. കുടുംബക്ഷേമ പദ്ധതി നടപ്പാക്കി.
17. കൗമാരആരോഗ്യ പദ്ധതി നടപ്പാക്കി.
18. പ്രജനന ശൈശവ ആരോഗ്യ പദ്ധതി നഗരമേഖലയിൽ ഉൾപ്പെടുത്തി
19. ആരോഗ്യ പരിശീലനം നടപ്പാക്കി.
20. കരാർ അടിസ്ഥാനത്തിൽ ആശുപത്രികളിൽ ആവശ്യാനുസരണം ഡോക്ടർമാരെയും നഴ്സ്മാരെയും മറ്റ് പാരാമെഡിക്കൽ ജീവനക്കാരെയും നിയമിച്ചു.
21. അംഗീകൃത സാമൂഹിക ആരോഗ്യ പ്രവർത്തക(ആശ) പദ്ധതി നടപ്പാക്കി.
22. ആശുപത്രികൾ, സാമൂഹിക ആരോഗ്യ കേന്ദ്രം, പ്രാഥമിക ആരോഗ്യ കേന്ദ്രം, ഉപകേന്ദ്രം എന്നിവയ്ക്ക് ഉപാധിരഹിതഫണ്ട്, ആശുപത്രി നിർവ്വഹണ സമിതി ഗ്രാന്റ് അറ്റകുറ്റപണികൾക്കുള്ള ഗ്രാന്റ് എന്നിവ നൽകുക വഴി ആശുപത്രികളിലെ സൗകര്യങ്ങൾ വർദ്ധിപ്പിച്ചു.
23. ആശുപത്രികളുടെ നവീകരണവും കെട്ടിടനിർമ്മാണവും നടപ്പിലാക്കി.
24. ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കി
25. ആയുഷ് പദ്ധതി നടപ്പാക്കി.
26. സാന്ത്വന പരിചരണ പദ്ധതി നടപ്പാക്കി.
27. മാനസിക ആരോഗ്യ പദ്ധതി നടപ്പാക്കി..
28. ജീവിതശൈലീരോഗനിയന്ത്രണ പദ്ധതിനടപ്പാക്കി.
29. അയഡിൻ കുറവുമൂലമുണ്ടാകുന്ന രോഗ നിയന്ത്രണ പദ്ധതി നടപ്പാക്കി.
30. സംയോജിത രോഗ അവലോകന പദ്ധതി നടപ്പാക്കി.
31. ദേശീയ ജന്തുജന്യ രോഗ നിയന്ത്രണ പദ്ധതി നടപ്പാക്കി.
32. ദേശീയ ക്ഷയരോഗ നിയന്ത്രണ പദ്ധതി നടപ്പാക്കി.
33. ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതി നടപ്പാക്കി.

സെക്ഷൻ ഓഫീസർ